(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എൻ.സി.വി.റ്റി. അംഗീകാരമില്ലാത്ത ട്രേഡുകളുടെ വിവരം 2002 മുതലുള്ള പ്രോസ്പെക്ടസിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഡി.ജി.ഇ.റ്റി.-യുടെ അഫിലിയേഷൻ ലഭിക്കാത്ത ട്രേഡുകളിൽ പരീക്ഷ എഴുതി വിജയിച്ച ട്രെയിനികൾക്ക് ട്രെയിനിംഗ് മാനുവൽ പ്രകാരം എസ്.സി.വി.റ്റി. സർട്ടിഫിക്കറ്റ് വിതരണം നടത്തിവരുന്നു. എസ്.സി.വി.റ്റി. സർട്ടിഫിക്കറ്റ് ലഭിച്ചവർക്ക് പ്രൈവറ്റായി എൻ.സി.വി.റ്റി. ട്രെയ്ഡ് ടെസ്റ്റ് എഴുതുന്നതിനുള്ള പ്രവൃത്തി പരിചയത്തിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. കൂടാതെ അപ്രന്റീസ് ആക്ടിന്റെ പരിധിയിൽ അപ്രന്റിസ്ഷിപ്പ് ലഭിക്കുന്നതിനുള്ള നടപടിയും കൈക്കൊണ്ടിട്ടുണ്ട്. എസ്.സി.വി.റ്റി. സർട്ടിഫിക്കറ്റ് പി.എസ്.സി.-യും മറ്റ് അനുബന്ധ തൊഴിൽദായകരും അംഗീകരിക്കുന്ന കാര്യം പരിശോധിച്ചുവരുകയാണ്.

തൊഴിൽ സ്ഥാപനങ്ങൾ പൂട്ടിയതിലൂടെ തൊഴിൽ നഷ്ടപ്പെട്ടവർ

175 [2678] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഏതൊക്കെ തൊഴിൽ സ്ഥാപനങ്ങൾ പൂട്ടിയെന്നും അതിലൂടെ എത്ര പേർക്ക് തൊഴിൽ നഷ്ടപ്പെട്ടുവെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) തോട്ടം മേഖലയിൽ ഉണ്ടായ പ്രതിസന്ധി മൂലം എത്ര പേർക്ക് തൊഴിൽ നഷ്ടപ്പെട്ടുവെന്ന് വെളിപ്പെടുത്തുമോ;

(സി) കശുവണ്ടി ഫാക്ടറികൾ പൂട്ടിയിട്ടിരിക്കുന്നതുമൂലം എത്ര പേർക്ക് തൊഴിൽ നഷ്ടപ്പെട്ടുവെന്ന് വ്യക്തമാക്കുമോ;

(ഡി) വിവിധ മേഖലകളിൽ ഉണ്ടായ പ്രതിസന്ധിമൂലം തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) 11,463 പേർക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) വിവിധ മേഖലകളിൽ തൊഴിൽ നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് തൊഴിൽ ഉടമകളുമായി ചർച്ചകൾ നടത്തിവരുന്നു. പ്രതിസന്ധിയിലായ തോട്ടങ്ങളിലെ തൊഴിലാളികൾക്ക് സൗജന്യ റേഷൻ നൽകുകയും വൈദ്യസഹായത്തിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഇവരുടെ കുട്ടികൾക്ക് സ്കൂൾതലത്തിൽ 10-ാം ക്ലാസ് വരെ ഉച്ച ഭക്ഷണവും മറ്റ് സഹായങ്ങളും നൽകിവരുന്നു.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly